# കനവ് – രണ്ടു ക്യാമറ കാഴ്ചകൾ

അനീന

കെ.ജെ. ബേബിയുടെ മേൽനോട്ടത്തിൽ വയനാട്ടിലെ നടവയലിൽ ഒരു ദശാബ്ദം മുമ്പ് ആരംഭിച്ച 'കനവ്' എന്ന ബദൽ വിദ്യാലയത്തെ ആധാരമാക്കി കഴിഞ്ഞ വർഷം രണ്ട് ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കപ്പെട്ടു. ചാലിയാറിനെക്കുറിച്ചുള്ള ഡോക്യുമെന്ററിയിലൂടെ ശ്രദ്ധേയനായ സി. ശരത്ചന്ദ്രന്റെ 'കനവ് - എ സ്കൂൾ വിത്ത് എ ഡിഫറൻസ്', സിനിമാ പ്രവർത്തകനും അഭിനേതാവുമായ എം.ജി. ശശിയുടെ 'കനവുമലയിലേക്ക്' എന്നിവ.

സാമ്പ്രദായിക രീതികളോട് കലഹിച്ച് കനവ് എന്ന കൊച്ചു വിദ്യാലയം ഊതിക്കാച്ചിയെടുക്കുവാൻ ശ്രമിക്കുന്നത് തനിമയുടെ സംസ്കാരത്തിലധിഷ്ഠിതമായ ഒരു വലിയ സ്വപ്നത്തെയാണ്. ഈ സ്വപ്നത്തിന്റെ നടപ്പാതകളിലൂടെ, ഡോക്യുമെന്ററിയുടെ സാമ്പ്രദായിക നടപ്പു രീതികളിലൂടെ തന്നെയാണ് ഈ രണ്ടു സൃഷ്ടിക്കളും ചരിക്കുന്നത്.

കനവിനേയും അവിടത്തെ ചര്യകളേയും ഒരു വിസ്മയ കാഴ്ച കാണുകയാണ് എന്ന മട്ടിലാണ് ശശിയുടെ ചിത്രത്തിലെ ക്യാമറ ഒപ്പിയെടുക്കുന്നത്. അതേസമയം, സ്വാഭാവികതയോടെ കാര്യങ്ങൾ പകർത്തുന്ന ശരത്ചന്ദ്രന്റെ രീതി കൂടുതൽ ഔചിത്യപൂർണ്ണമായി അനുഭവപ്പെടുന്നു.

വയനാടിന്റെ ഗോത്രപാരമ്പര്യത്തെക്കുറിച്ചും അവിടത്തെ ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും സ്വത്വ നഷ്ടത്തെപ്പറ്റിയും അവഗണനാ അനാഥത്വത്തിലേക്ക് തള്ളിവിടുന്ന അവരുടെ കുട്ടികളെപറ്റിയും പറഞ്ഞുകൊണ്ടാണ് കനവ് തുടങ്ങുന്നത്. ടൈ കെട്ടിയ വിദ്യാഭ്യാസത്തിന്റെ ഇരുമ്പുവാതിലുകൾക്കുള്ളിൽ അച്ചടക്കപ്പെടുന്ന കുട്ടികളുടെ പൊതുസമൂഹത്തിനു മുമ്പിൽ അയിത്തപ്പെട്ടുപോകുന്ന ആദിവാസി കുട്ടികൾ - കെ.ജെ. ബേബിയുടെ ബദൽ വിദ്യാലയത്തിന്റെ പ്രസക്തിയിലേക്കുള്ള ചൂണ്ടു പലകയാണ് ഈ തുടക്കം.

കനവിലെ കുട്ടികളുടെ പഠനങ്ങളാണ് പിന്നീടുള്ള ഭാഗങ്ങളിൽ. അവർ പഠിക്കുന്നത് നാളെ ഡോക്ടറോ എഞ്ചിനീയറോ ഒക്കെ ആവാൻവേണ്ടി ഒരിക്കിവെച്ചിരിക്കുന്ന പുസ്തകങ്ങളെല്ലാ ജീവിതം തന്നെയാണ് അവരുടെ പാഠപുസ്തകം. അവർ പഠിക്കുന്നു, പരസ്പരം പഠിപ്പിക്കുന്നു. വഴികാട്ടികളായി കെ.ജെ. ബേബിയും ഭാര്യ ഷെർളിയും പോലെ കുറച്ചു പേർ ഓരോ കുട്ടിക്കും അവരുടേതായ അഭിരുചികളെ തിരിച്ചറിയാനും പരിപോഷിപ്പിക്കാനുമുള്ള അരങ്ങാണ് 'കനവ്' ഒരുക്കിവെച്ചിട്ടുള്ളത്. കനവിലെ പഠനം കഴിഞ്ഞാൽ അവർക്ക താല്പര്യം പോലെ ഉപരിപഠനത്തിനുപോകാം, സിനിമയോ നൃത്തമോ ചിത്രകലയോ പഠിക്കാൻ പോകാം, കൃഷിക്കാരനാവാം. ഇവയെല്ലാറ്റിനുമുള്ള നിലമൊരുക്കി കൊടുക്കുകയാണ് കനവ്.

കാലത്തെ കളരി അഭ്യാസ മുറകൾതൊട്ട് കനവ് സംഘത്തിന്റെ ഗാന - നാടക അവതരണങ്ങൾവരെ ക്യാമറ പിൻതുടരുന്നുണ്ട്. മറ്റു കുട്ടികളിൽ നിന്നുള്ള അവഗണനയുടെയും പരിഹാസത്തിന്റെയും മുള്ളുകൾ തറഞ്ഞ് സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചു പോന്നവരാണ് കനവിലെ അന്തേവാസികളിൽ പലരും. അത്തരം അനുഭവങ്ങളെക്കുറിച്ച് കുട്ടികൾതന്നെ വിവരിക്കുന്നുണ്ട്. ഈ ജീവിത പഠനശാല ഉരുവപ്പെട്ടുവന്നരെക്കുറിച്ചും അതിന്റെ ഭാവി സ്വപ്നങ്ങളെക്കുറിച്ചും ബേബി സംസാരിക്കുന്നുണ്ട്. പക്ഷേ, ഇത്തരം സംഭാഷണങ്ങളുടെ മുകളിലേക്ക് ഡബ്ബിംഗ് ആർട്ടിസ്റ്റിന്റെ ഇംഗ്ലീഷ് കടന്നു വരുമ്പോൾ രണ്ടും വ്യക്തമായി മനസ്സിലാകാതെ പോകുന്നുണ്ട്, പലയിടങ്ങളിലും. (മലയാളം അറിയാത്തവർക്ക് ഇതൊരു പ്രശ്നമായി തോന്നിയേക്കില്ല)

കനവിലെ പഠനരീതികളുടെ വൈവിധ്യത്തെക്കുറിച്ച് കുറച്ചുകൂടി വ്യക്തമായ ചിത്രം കിട്ടുന്നത് 'കനവു മലയിലേക്ക്' എന്ന ചിത്രത്തിലാണ്. പക്ഷേ, അമിതമായി കാല്പനിക വൽക്കരിക്കപ്പെട്ട ദൃശ്യങ്ങളുടെ ധാരാളിത്തം ഈ ചിത്രത്തിന്റെ ന്യൂനതയാകുന്നു. അഭിമുഖകാരിയായിവരുന്ന സാറാജോസഫ് ആണ് മറ്റൊരു വലിയ പോരായ്മ. ഈ നെടുങ്കൻ ചോദ്യോത്തര പംക്തി ചിത്രത്തിന്റെ ഒഴുക്കിനെ സൃഷ്ടിക്കുന്ന തടസ്സം ചെറുതല്ല. കുട്ടികളെ നാടകീയമായി ക്യാമറയ്ക്കു മുന്നിലവതരിപ്പിച്ച് അവരെക്കൊണ്ട് സംസാരിപ്പിക്കുന്ന രീതിയും കൃത്രിമത്വമാണ് അനുഭവപ്പെടുത്തുന്നത്.

കനവിന്റെ സ്വഭാവത്തേയും അവിടുത്തെ കുട്ടികളുടെ പ്രതിഭയേയും കുറിച്ച് ഈ രണ്ടു ചിത്രങ്ങളിൽ നിന്നു തന്നെ കിട്ടുന്ന അറിവിന്റെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ കനവിനെപറ്റി നിർമ്മിക്കാവുന്ന വെറും ശരാശരി ഡോക്യുമെന്ററികളേ ആകുന്നുള്ളൂ. സമീപനത്തിലെ ആത്മാർത്ഥതയും സ്വാഭാവികതതയും കൊണ്ട് ശരത്ചന്ദ്രന്റെ ചിത്രം തമ്മിൽ ഭേദമാണെന്ന്മാത്രം.